പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 398
29-11-2018-ലെ മറുപടിയ്ക്ക്

സാലറി ചലഞ്ച്

| ചോദ്യം<br><br>ശ്രീ. ഉബൈദുള്ള | മറുപടി<br><br>ഡോ. ടി. എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|
| എ) സാലറി ചലഞ്ചിൽ സംസ്ഥാനത്തെ എത്ര ഉദ്യോഗസ്ഥർ പങ്കെടുത്തുവെന്നും ഇതുവഴി ഖജനാവിലേയ്ക്ക് എന്തു തുക ലഭിച്ചു എന്നും വകുപ്പ് തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ; | 24.11.2018 ലെ സ്പാർക്കിലെ വിവരം അനുസരിച്ച് 2018 ഒക്ടോബറിൽ ശമ്പളം മാറിയ സംസ്ഥാനത്തെ മൊത്തം സർക്കാർ ജീവനക്കാരിൽ (483733) 277338 പേർ സാലറി ചലഞ്ചിൽ പങ്കെടുത്തു (57.33%).<br>സെപ്തംബർ മാസം സ്പാർക്ക് മുഖാന്തിരം ശമ്പളം വാങ്ങിയത് 4,87,602 പേരാണ്. അതിനെ അപേക്ഷിച്ച് 3869 പേർ കുറച്ചാണ് 24.11.2018 വരെ ശമ്പളം വാങ്ങിയിട്ടുള്ളത്.<br>പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ജീവനക്കാരിൽ നിന്നുള്ള സംഭാവന സി.എം.ഡി.ആർ.എഫിനു വേണ്ടി ആരംഭിച്ച ഒരു പ്രത്യേക ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൌണ്ടിലാണ് വരവു വയ്ക്കുന്നത്. പ്രസ്തുത അക്കൌണ്ടിൽ 28.11.2018 വരെ രാവിലെ 10 മണി വരെയുള്ള കണക്കുകൾ പ്രകാരം 488,60,01,029 രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്.<br>പൊതുമേഖലാ ജീവനക്കാർ, വിവിധ ഗ്രാന്റ് ഇൻ എയ്ഡ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ സംഭാവന ബാങ്ക് അക്കൌണ്ടിലാണ് വരവ് വയ്ക്കുന്നത്. ആയത് ഇതിന് പുറമേയാണ്. |
| ബി) സാലറി ചലഞ്ചിൽ വിസമ്മതപത്രം നൽകിയ ഉദ്യോഗസ്ഥരുടെ കണക്കുകൾ വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ; | ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും ഹൈക്കോടതിയുടെയും വിധിയുടെ അടിസ്ഥാനത്തിൽ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിലാണ് സാലറി ചലഞ്ചിലെ പങ്കാളിത്തം നിർണ്ണയിക്കുന്നത്. |
| സി) വിസമ്മതപത്രം നൽകിയ ജീവനക്കാരുടെ സർവീസ് ബുക്കിൽ, രേഖപ്പെടുത്തലുകൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | ഇല്ല |

സെക്ഷൻ ഓഫീസർ